# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

31 (*271 & *281) കാലാവസ്ഥ വ്യതിയാനം മൂലമുള്ള കൃഷി നാശത്തിന് ഇൻഷ്വറൻസ് പദ്ധതി

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉത്പാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ ഘടകങ്ങളുടെ ഈ അനുകൂല പരിധിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി സംഭവിക്കുന്ന ഉത്പാദന നഷ്ടത്തിന്മേലാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരിഫ് സീസണിൽ നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നീ വിളകൾക്കും

റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും മറ്റ് വിള കൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. 17 വിളകൾക്കുകൂടി ഇൻഷ്വ റൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര കൃഷിമന്ത്രാല യവും സംസ്ഥാന കൃഷി വകുപ്പും പൊതുമേഖലയിലുള്ള അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയും സംയുക്തമായി ഓരോ സീസണിലും പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നു. കാലാവ സ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരിഫ്-2012 സീസണിൽ പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ നെൽകൃഷിക്കും ഇടുക്കി, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കുരുമുള കിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. റാബി-2012 വിളക്കാലത്ത് പാലക്കാട് ജില്ലയിൽ വേനൽക്കാല നെൽക്കൃഷിക്കും പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ കശു മാവിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി 2008-09 കാലയളവ് മുതൽ നടപ്പിലാക്കി വരുന്നു. രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരാണ് പദ്ധതിയുടെ ഗുണ ഭോക്താക്കൾ. പ്രസ്തുത കൃഷിക്കായി വായ്പ എടുത്തിട്ടുള്ള കർഷകരെ പദ്ധതി പ്രകാരം അതാതു ബാങ്കുകളിൽ നിർബന്ധമായും ചേർത്തിരിക്കേണ്ട താണ്. ആയതിനാൽ വായ്പ എടുത്തിട്ടുള്ള കർഷകർ പദ്ധതിയിൽ ചേരുന്ന തിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. വായ്പ എടുക്കാത്ത കർഷ കർ പൂരിപ്പിച്ച അപേക്ഷയും റൊക്കം പ്രീമിയം തുകയും നിശ്ചിത തീയതിക്കു ള്ളിൽ നേരിട്ടോ അല്ലെങ്കിൽ സഹകരണ സംഘം/ അംഗീകൃത ബ്രോക്കർ/ കൃഷിഭവൻ മുഖേനയോ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് അയച്ചുകൊ

ടുക്കേണ്ടതാണ്. കൂടാതെ കാലവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരിഫ്, റാബി എന്നീ രണ്ടു സീസണുകളിലായി പ്രഖ്യാപിക്കുന്ന വിളകൾക്ക് പ്രഖ്യാപിത പ്രദേശങ്ങളിൽ ഇൻഷ്വറൻസ് സംരക്ഷണം ഉറപ്പ് വരുത്തുന്നതോടൊപ്പം നെൽക്കൃഷിക്കായി സമഗ്ര നെൽക്കൃഷി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം നെൽക്കൃഷിക്ക് ഹെക്ടറിന് ഇരുപതിനായിരം രൂപയും കശുമാവിന് ഒരു ഹെക്ടറിന് അമ്പതിനായിരം രൂപയും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. നെൽക്കൃഷിക്ക് പ്രീമിയം 1600 രൂപയാണ്, 400 രൂപ കർഷകനും 1200 രൂപ സർക്കാരും അടയ്ക്കുന്നു. കശുമാവിന് 6000 രൂപ പ്രീമിയത്തിൽ 50 ശതമാനം സർക്കാരും 50 ശതമാനം കർഷകനും അടയ്ക്കണം. മുഖ്യമന്ത്രിയുമായും റവന്യു, ധനകാര്യ വകുപ്പുമന്ത്രിമാരുമായും ആലോചിച്ച് കൃഷിക്കാരെ പ്രീമിയം അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. 20/12/2012-ന് ചേർന്ന യോഗത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഓരോ ജില്ലയിലും കൃഷി വിസ്തൃതി അടിസ്ഥാനമാക്കിയുള്ള വിളകളെയും വി.എഫ്.പി.സി.കെ.യുടെ നിർദ്ദേശമനുസരിച്ചുള്ള കൃഷിയിടങ്ങളിലെ പച്ചക്കറികളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഏലക്കൃഷിക്ക് കൂടുതൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് നടപടി സ്വീകരിക്കും. പാലക്കാട് ജില്ലയിലുണ്ടായിരിക്കുന്ന കൃഷി നാശത്തിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്. നിറവ് പദ്ധതിയിൽപ്പെടുത്തിയ കാർഷിക വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കാര്യം പ്രത്യേകമായി പരിഗണിക്കാവുന്നതാണ്. കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സ്ഥിതിഗതി

കൾ വിലയിരുത്തുന്നതിനായി ഈ മാസം 22-ാം തീയതി കുട്ടനാട് സന്ദർശിക്കുന്നതാണെന്നും കാലാവസ്ഥ മുൻകൂട്ടി അറിയാൻ മാർഗ്ഗങ്ങൾ കുറവാണെങ്കിലും എല്ലാ ബ്ലോക്കുകളിലും ഓരോ ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് അതുവഴി കാലാവസ്ഥാ നിരീക്ഷണം നടത്തി കർഷകരെ അറിയിക്കുന്നതിനും അതുപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32 ( *272) <u>എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ, ദുരിതബാധിതർക്ക് നൽകേണ്ട സഹായം സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിൽ 31-12-2010-ന് നൽകിയ ശുപാർശ 18-05-2011-ൽ നടന്ന മന്ത്രിസഭാ യോഗത്തിൽ അംഗീകരിക്കാനും നടപ്പിലാക്കാനും തത്ത്വത്തിൽ തീരുമാനിച്ചു. 26-05-2012-ലെ ഉത്തരവ് പ്രകാരം പൂർണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിന് 27.0425 കോടി രൂപ (ഇരുപത്തിയേഴ് കോടി നാല് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ) കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 28-06-2012-ലെ ഉത്തരവ് പ്രകാരം എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതം നൽകുന്നതിന് 17.82 കോടി രൂപ അനുവദിച്ചു.

06-11-2012-ലെ ഉത്തരവ് അനുസരിച്ച് എൻഡോസൾഫാൻ തളിച്ചു തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി 5 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതരായി ഇതുവരെ 808 പേർ മരണപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിനായി നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെയും കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായമൊന്നും ലഭിച്ചിട്ടില്ല. കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ്, പെരിങ്ങോംവയക്കര, ചെറുപുഴ എന്നീ പഞ്ചായത്തുകളെക്കൂടി എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ ആരോഗ്യവകുപ്പും കൃഷി വകുപ്പും സാമൂഹ്യക്ഷേമവകുപ്പും സംയുക്തമായി നടത്തിയ സന്ദർശനത്തിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ 29 മെഡിക്കൽ ക്യാമ്പുകൾ നടത്തി. 280,200 പേരെ സ്ക്രീൻ ചെയ്യുകയും 4850 പേരെ ദുരിത ബാധിതരുടെ പട്ടികയിൽപ്പെടുത്തുകയും ചെയ്തു. എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായ സെൽ പ്രവർത്തിക്കുന്നുണ്ട്. എൻഡോസൾഫാൻ സൂക്ഷിക്കുന്ന ടാങ്കുകൾ സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങളെ സംബന്ധിച്ച് ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡും ഡി. ആർ.ഡി.ഒ-യും പരിശോധിച്ച് അവയെ പ്രത്യേക സുരക്ഷാ സംവിധാനമുള്ള ടാങ്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മണ്ണാർക്കാട് തെങ്കരയിലുള്ള എൻഡോസൾഫാൻ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് മാർച്ച്

മാസത്തോടുകൂടി സൗകര്യമൊരുക്കുന്നതാണ്. മംഗലാപുരം കസ്തൂർബാ ആശുപത്രിയിലും അങ്കമാലി കണ്ണാശുപത്രിയിലും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ ചികിത്സകൾ നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. ഇത്തരം സംവിധാനം കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുന്നുവെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു. എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിൽ ആനുകൂല്യങ്ങൾക്ക് അർഹരായ 4182 പേരുണ്ടായിരുന്നതിൽ 193 പേർ മരണപ്പെടുകയും 1660 പേർക്ക് 2000 രൂപ വീതവും, 673 പേർക്ക് 1700 രൂപ വീതവും 1647 പേർക്ക് 1000 രൂപ വീതവും ധനസഹായം കൊടുക്കുകയും എഡ്യൂക്കേഷണൽ അസിസ്റ്റൻസ് പ്രകാരം 2292 പേർക്ക് ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്തിട്ടുണ്ടെന്നും ഡെത്ത് കോമ്പൻസേഷനുവേണ്ടി 17.8750 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതിൽ 6.62 കോടി രൂപയാണ് റിലീസ് ചെയ്തതെന്നും 11.25 കോടി രൂപ ഉടനെ റിലീസ് ചെയ്യുന്നതിന് നടപടികളെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അറിയിച്ചു.

33 (*273) <u>മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 01-02-2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എഫ്.എ.ആർ., കവറേജ്, കെട്ടിടത്തിലേയ്ക്കുള്ള വഴിയുടെ വീതി, ഹൈ റൈസ് കെട്ടിടങ്ങളുടെ നിർമ്മാണം,

പെർമിറ്റ് പുതുക്കുന്നതിനുള്ള കാലാവധി, ഫ്ളാറ്റുകളിലെ പാർക്കിംഗ്, യന്ത്രവത്കൃത പാർക്കിംഗ്, കെട്ടിടത്തിന്റെ ഉയരം, വൻകിട വികസന പദ്ധതികൾക്കുള്ള വ്യവസ്ഥകൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ദുർബല വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ഇളവുകൾ, സർക്കാർ ഐ.ടി പാർക്കുകൾക്കുള്ള ഇളവുകൾ, നിലവിലുള്ള സ്കൂൾ കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള ഇളവുകൾ, ഇ-ഫയലിംഗ് തുടങ്ങിയ കാര്യങ്ങളിലാണ് പ്രധാനമായും ഭേദഗതികൾ വരുത്തിയിട്ടുള്ളത്. മുൻകാലങ്ങളിൽ റോഡ് ബന്ധമില്ലാതിരുന്ന ദ്വീപുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ വ്യവസ്ഥ ഇല്ലായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ഭേദഗതി പ്രകാരം ജലാശയങ്ങളിലുള്ള ദ്വീപുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റോഡുമാർഗ്ഗംപോലെ ജലമാർഗ്ഗവും ഒരു അക്സസ് (വഴി) ആയി കണക്കാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതിയ ബിൽഡിംഗ് റൂൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തൃശ്ശൂർ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം മാത്രമേ ഫൈനലൈസ് ചെയ്യുകയുള്ളൂ. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നഗരസഭകൾക്കും ജില്ലാ ടൗൺ പ്ലാനർക്കും ചീഫ് ടൗൺ പ്ലാനർക്കുമുള്ള അധികാരം ഉയർത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചെറിയ വയലേഷനുകൾമൂലം കെട്ടിട നമ്പർ കിട്ടാതെ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റീ-ഡെവലപ്മെന്റ് പ്ലാൻ സംബന്ധിച്ചും പുതിയ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## അടിയന്തര ചോദ്യം

### 1(1) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മദ്യഷാപ്പ് ലൈസൻസ് നൽകുന്നതിനുള്ള അധികാരം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പുതിയ മദ്യ ഷാപ്പ് ലൈസൻസ് അനുവദിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടെന്നും രേഖാമൂലമുള്ള മുൻകൂർ അനുമതിയോടെ മാത്രമേ ലൈസൻസ് അനുവദിക്കാൻ കഴിയുകയുള്ളൂവെന്നും സഭയെ അറിയിച്ചു. തൃശൂർ ജില്ലയിൽ ചേലക്കര ഗ്രാമപഞ്ചായത്തിലെ അരമന എന്ന ഹോട്ടലിനും തിരുവനന്തപുരം ജില്ലയിൽ പൂവാർ ഗ്രാമപഞ്ചായത്തിലെ ഹോട്ടൽ ഗീതു ഇന്റർനാഷണലിനും എറണാകുളം ജില്ലയിൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ഹോട്ടൽ സേവിയേഴ്സ് അവന്യൂ (പ്രൈ.) ലിമിറ്റഡിനും, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഹോട്ടൽ എയർലിങ്ക് കാസിലിനും, രായമംഗലം ഗ്രാമപഞ്ചായത്തിലെ ഹോട്ടൽ ഹാമിൽട്ടൺ റെസിഡൻസി(പ്രൈ.) ലിമിറ്റഡിനും, കാവലങ്ങാട് ഗ്രാമപഞ്ചായത്തിലെ ഹോട്ടൽ നീലാംബരി സ്യൂട്ടിനും, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കബനി റീജൻസിക്കും, കൊല്ലം ജില്ലയിൽ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ഹോട്ടൽ അമ്പലക്കര റീജെൻസിക്കും, ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ഗ്രാമപഞ്ചായത്തിൽ റോയൽ ഗോർഡൻസ് ഹോട്ടൽ & റിസോർട്ട്സിനും, പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ ഹോട്ടൽ ഹിൽസ് പാർക്കിനും, കോട്ടയം ജില്ലയിൽ മുളക്കുളം ഗ്രാമപഞ്ചായത്തിലെ കാസിൽ റീജൻസിക്കും, പാലക്കാട് ജില്ലയിൽ പറളി ഗ്രാമപഞ്ചായത്തിലെ ചിത്രാപുരി ഹോട്ടൽസ്

ഇൻഡ്യാ (പ്രൈ) ലിമിറ്റഡിനും മദ്യഷാപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 9 ഹോട്ടലുകൾക്ക് എക്സൈസ് കമ്മീഷണർ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായി, ബാർ ലൈസൻസുകൾ നൽകുന്നത് സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു ഏകാംഗ കമ്മീഷനെ നിയമിച്ച സാഹചര്യത്തിൽ, പുതുതായി ബാർ ലൈസൻസുകൾ ഒന്നുംതന്നെ നൽകേണ്ടതില്ലെന്ന് സർക്കാർ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നതിനാൽ 3 അപേക്ഷകളിന്മേലുള്ള തുടർനടപടികൾ തൽക്കാലത്തേയ്ക്ക് നിറുത്തിവച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 54 ബാറുകൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ടെന്നും അതിൽ 38 എണ്ണവും കേരള ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും നിർദ്ദേശമനുസരിച്ചാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3243 മുതൽ 3553 വരെയുള്ള ചോദ്യങ്ങളിൽ 158 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.